## (87.) തോട്ടുപുറം - ഹോളി ഫാമിലി മലങ്കര കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

| | | |
|---|---|---|
| ഇടവക സ്ഥാപനവർഷം | - | 1932 |
| ഇടവക മദ്ധ്യസ്ഥൻ | - | തിരുക്കുടുംബം |
| ഇടവകയിലെ ആകെ കുടുംബങ്ങൾ | - | 72 |
| ഇടവകയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ | - | ഇല്ല |
| ദേവാലയം പുതുക്കിപ്പണിത് കൂദാശ ചെയ്ത തീയതി | - | 2013 ആഗസ്റ്റ് 15 |
| ഇടവകയുമായി ബന്ധപ്പെട്ട മറ്റ് സുപ്രധാന ദിനങ്ങൾ | - | ഇല്ല |

1930-ൽ ഭാഗ്യസ്മരണാർഹനായ മാർ ഈവനിയോസ് തിരുമേനി മലയാളമണ്ണിൽ പുനരൈക്യത്തിന്റെ രാജപാത വെട്ടിത്തുറന്നു. തിരുസഭയുടെ സ്വർഗ്ഗീയാശ്ലേഷത്തിലേക്ക് മുമ്പേതന്നെ എത്തിച്ചേർന്ന ഗീവറുഗീസ് പീടികയിൽ കശ്ശീശയുടെയും, ജോൺ കുഴിനാപ്പുറം അച്ചന്റേയും സ്വാധീനവും പഠിപ്പിക്കലും ഈ മേഖലയിൽ ഒരു മലങ്കര കത്തോലിക്കാ സമൂഹം പുഷ്ടിപ്പെടുന്നതിന് നിമിത്തമായി. അങ്ങനെ താഴെപേരുചേർത്തിരിക്കുന്നവരും കുടുംബാംഗങ്ങളും പുനരൈക്യപ്പെട്ടു.

1. കൊച്ചിട്ടി ഗീവറുഗീസ് കൊല്ലന്റേത്ത് കൊച്ചുത്തുപ്പാംമൂട്ടിൽ
2. ഫിലിപ്പ് കൊല്ലന്റേത്ത് കൊച്ചുത്തുപ്പാംമൂട്ടിൽ
3. യോഹന്നാൻ തറമല
4. കൊച്ചുകുഞ്ഞ് കമ്പാറ
5. യോഹന്നാൻ ളാഹയിൽ
6. കുഞ്ഞച്ചൻ വലിയകാലാ
7. ചെറിയാച്ചൻ കുഴിനാപ്പുറത്ത്
8. തോമ്മാച്ചൻ കുഴിനാപ്പുറത്ത്
9. കീവറിച്ചൻ കുഴിനാപ്പുറത്ത്
10. മത്തായി കുഴിനാപ്പുറത്ത്
11. മാണി കുഴിനാപ്പുറത്ത്

1930-ൽ ദേവാലയ നിർമ്മിതിക്ക് നിയമപരമായും അല്ലാതെയും ധാരാളം എതിർപ്പുകൾ ഉണ്ടായിരുന്നു. ദേവാലയ നിർമ്മിതിക്ക് ആവശ്യമായ സ്ഥലം ശ്രീ.തറമല യോഹന്നാനിൽ നിന്ന് വാങ്ങി. എതിർപ്പുകളെ സധീരം തരണംചെയ്ത് പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ഒരു ദേവാലയം പണികഴിപ്പിച്ചു. 1932-ൽ താത്കാലികമായി പണികഴിപ്പിച്ച ഒരു ഓലപ്പുരയായിരുന്നു അത്. ദേവാലയം ആശീർവദിച്ചത് ഭാഗ്യസ്മരണാർഹനായ ചേപ്പാട്ട് ഫീലിപ്പോസ് റമ്പാച്ചനാണ്. ആദ്യവികാരിയായി തോമസ് ഇഞ്ചക്കലോടി അച്ചൻ നിയമിതനായി. 1933-ൽ ദേവാലയം പുതുക്കിപണിതു, ആ ദേവാലയമാണ് ഇന്നത്തെ സെമിത്തേരിപ്പള്ളി.

ആദ്യകാലങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടിരുന്നത് മാസത്തിൽ ഒരിക്കൽ മാത്രമാണ്. ഇതര ആഴ്ചകളിൽ വിശ്വാസികൾ ഇലന്തൂർ, ചീക്കനാൽ, പുത്തൻപീടിക തുടങ്ങിയ ഇടവകകളിലാണ് വശുദ്ധ കുർബാനയിൽ പങ്കെടുത്തിരുന്നത്. തുടർന്ന് കൂടുതൽ കുടുംബങ്ങൾ പുനരൈക്യപ്പെടുകയും ഒരു ഇടവക കൂട്ടായ്മ

എന്ന നിലയിൽ ദേവാലയം വളരുകയും ചെയ്തു. അതോടെ എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ ബലി അർപ്പിക്കുക ആവശ്യമായി തീർന്നു. അങ്ങനെ 1953 മുതൽ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ദേവാലയത്തിലെ വികാരിക്ക് ഈ ദേവാലയിന്റെ കൂടെ ചുമതല നൽകപ്പെട്ടു. അങ്ങനെ എല്ലാ ഞായറാഴ്ചയും വിശുദ്ധ കുർബാനയർപ്പണം സാധ്യമായി.

അംഗസംഖ്യയിലുണ്ടായ വർദ്ധന ഒരു പുതിയ ദേവാലയം ആവശ്യമായിതീർന്നു, അതിൻ പ്രകാരം ഇന്നത്തെ ദേവാലയം 1967-ൽ പൂർത്തീകരിച്ചു. ദേവാലയ നിർമ്മിതിക്ക് ആവശ്യമായ സ്ഥലം ശ്രീ. പൂറത്തൂട്ട് ജോൺ, പുറത്തൂട്ട് ചാക്കോ എന്നിവരിൽ നിന്നും വാങ്ങി. ദേവാലയ നിർമ്മാണത്തിന് ചുക്കാൻപിടിച്ചത് പരേതനായ തോമസ് പണിക്കർ അച്ചനാണ്. ദേവാലയ നിർമ്മിതിക്കുവേണ്ടി ഒരു അമേരിക്കൻ വനിത 30000 രൂപാ സംഭാവന നൽകുകയും അവരുടെ ആഗ്രഹപ്രകാരം ദേവാലയം തിരുകുടുംബത്തിന്റെ പേരിൽ പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്തു. 1967-ൽ മാർച്ചിൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി ദേവാലയം ആശീർവദിച്ചു.

ഇടവകയുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിലേക്ക് അവരെ നയിച്ച ഇടയന്മാരെ ആശ്രയിച്ചിരിക്കുന്നു. നാം വളർന്നിട്ടുണ്ടെങ്കിൽ അതിന് തീർച്ചയായും കാരണക്കാർ ഈ ഇടവകയിൽ സേവനം അനുഷ്ഠിച്ച വൈദീകർ തന്നെ.

**തോട്ടുപുറം ഇടവകയിൽ സേവനം ചെയ്ത വൈദികർ**

1. റവ.ഫാ. തോമസ് ഇഞ്ചക്കലോട്ട്
2. റവ.ഫാ. നൈനാൻ
3. റവ.ഫാ. ഏബ്രഹാം എഴിയത്ത്
4. റവ.ഫാ. ഏബ്രഹാം ആശാരിയത്ത്
5. റവ.ഫാ. തോമസ് ആമ്പശ്ശേരിൽ
6. റവ.ഫാ. സെബാസ്റ്റ്യൻ നെടുങ്കല്ലേൽ
7. റവ.ഫാ. ഏബ്രഹാം തെക്കേടത്ത്
8. റവ.ഫാ. ജോർജ്ജ് മുത്തേരിൽ
9. റവ.ഫാ. മാത്യു തെക്കുംകാട്ടിൽ
10. റവ.ഫാ. തോമസ് കൈതനാൽ
11. റവ.ഫാ. തോമസ് പണിക്കർ
12. റവ.ഫാ. ഡൊമനിക്ക് സഖറിയ
13. റവ.ഫാ. തോമസ് കുമ്പക്കാട്ട് കോറെപ്പിസ്കോപ്പാ
14. റവ.ഫാ. ഗീവറുഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പാ
15. റവ.ഫാ. സാമുവേൽ മണ്ണിൽ റമ്പാൻ
16. റവ.ഫാ. ചെറിയാൻ പണിക്കർ
17. റവ.ഫാ. കുരിശുമല മാത്യൂസ് റമ്പാൻ

18. റവ.ഫാ. വർഗീസ് മാവേലിൽ കോറെപ്പിസ്കോപ്പാ

19. റവ.ഫാ. തോമസ് പണിക്കർ

20. റവ.ഫാ. യോഹന്നാൻ മുളമൂട്ടിൽ

21. റവ.ഫാ. മാത്യുസ് ആലുംമൂട്ടിൽ (അസി.വികാരി)

22. റവ.ഫാ. സിൽവസ്റ്റർ തെക്കേടത്ത് (അസി.വികാരി)

23. റവ.ഫാ. തോമസ് മരോട്ടിമൂട്ടിൽ

24. റവ.ഫാ. ഏബ്രഹാം വാവോലിമേപ്പുറത്ത്

25. റവ.ഫാ. ജോർജ്ജ് പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ

26. റവ.ഫാ. വർഗീസ് കൈതോൺ

27. റവ.ഫാ. ഷാജി മാണികുളം - 2013 - 2014

28. റവ.ഫാ. ജോഷി വാഴപ്പിള്ളേത്ത്

29. റവ.ഫാ. ജോർജ്ജ് പുത്തൻവിളയിൽ

30. റവ.ഫാ. ക്രിസ്റ്റി തേവള്ളിൽ

ഒരു ഇടവകയുടെ ചരിത്രം എത്രത്തോളം സ്വാർത്ഥകമായി എന്നു തീരുമാനിക്കപ്പെടേണ്ടത് ആ ഇടവകയിൽ നിന്നുള്ള ദൈവവിളിയുടെ അടിസ്ഥാനിലാണ്. ഇടവകയിൽ നിന്നുള്ള ദൈവവിളികൾ:-

1. റവ.ഫാ. ജസ്റ്റിൻ കുഴിനാപ്പുറം ഒ.ഐ.സി.

2. റവ.ഫാ. ജോൺ കമ്പാറ

3. റവ. സി. മരിയഗൊരേത്തി

4. റവ. സി. മരീന എസ്.ഐ.സി.

5. റവ. സി. സ്മിർ എസ്.ഐ.സി.

6. റവ. മദർ ആർദ്ര എസ്.ഐ.സി.

7. റവ. സി. പൂജിത എസ്.ഐ.സി.

8. റവ. സി. സമർപ്പിത എസ്.ഐ.സി.

കാലാകാലങ്ങളിൽ പലനിർമ്മാണ പ്രവർനങ്ങളും നടന്നു. സണ്ടേസ്കൂൾ നടത്തുന്നതിനും മീറ്റിംഗുകൾ നടത്തുന്നതിനുമായി ഒരു ഹാൾ 1983-ൽ തോമസ് കുമ്പക്കാട്ട് കോറെപ്പിസ്കോപ്പായുടെ കാലത്ത് നിർമ്മിച്ചു. അതിനോടു ചേർന്ന് വൈദീകർക്ക് താമസിക്കുവാനായി ഒരു മുറിയും. 1992-ൽ ചെറിയാൻ പണിക്കരച്ചൻ വികാരിയായിരുന്നപ്പോൾ രണ്ട് കുരിശടികൾ പണികഴിപ്പിച്ചു. ദേവാലയിന്റെ മുൻവശായി പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലും, വലിയകാലാ ജംഗ്ഷനിൽ ക്രൂശിതനായ ക്രിസ്തുവിന്റെ നാമത്തിലും. 1966-ൽ ദേവാലയങ്കണത്തിൽ ഒരു മണിമാളികയും സ്ഥാപിച്ചു.

2007 ജൂബിലി വർഷമായതിനാൽ 2006 -ൽ ദേവാലയം മോടിപിടിപ്പിക്കുകയും, കാലത്തിന്റെ ആവശ്യം മനസ്സിലാക്കി ഒരു ബ്ലോക്കായി 14 കുടുംബ കല്ലറകൾ പണിയുകയും ചെയ്തു. ഒരു വർഷം നീണ്ടുനിന്ന ആഘോ

ഷങ്ങൾക്ക് വികാരി ഏബ്രഹാം വാവോലിമേപ്പുറത്ത് അച്ചനും സഹവികാരി തോമസ് മരോട്ടിമൂട്ടിൽ അച്ചനും നേതൃത്വം നല്കി. നവംബർ 11- ാം തീയതി പരിശുദ്ധ കാതോലിക്കാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വശുദ്ധ കുർബാന അർപ്പിച്ച് ജൂബിലി ആഘോഷം സമാപിക്കുകയും ചെയ്തു.